# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 18

# വാർത്താക്കുറിപ്പ്

## എം.ജി. ബി.എഡ്.; ട്രയൽ അലോട്ട്മെന്റായി നവംബർ 20 വരെ ഓപ്ഷൻ പുതുക്കാം, തിരുത്തൽ വരുത്താം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ ബി.എഡ്. പ്രോഗ്രാം പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഓപ്ഷനുകൾ നവംബർ 20ന് വൈകീട്ട് നാലുവരെ പുതുക്കാം, തെറ്റുകൾ തിരുത്താം. അപേക്ഷകർക്ക് ഉചിതമായ ഓപ്ഷൻ തെരഞ്ഞെടുക്കുന്നതിനായി വിവിധ പ്രോഗ്രാമുകളുടെ ഇൻഡക്സ് മാർക്കും ട്രയൽ അലോട്ട്മെന്റിലെ അവസാന റാങ്ക് വിശദാംശങ്ങളും പ്രൊവിഷണൽ റാങ്ക് പട്ടികയും www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഒന്നാം അലോട്ട്മെന്റ് നവംബർ 25ന് പ്രസിദ്ധീകരിക്കും. സ്പോർട്സ്, പി.ഡി. ക്വാട്ടകളിലെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പ്രവേശനം ആഗ്രഹിക്കുന്നവർ നവംബർ 19ന് വൈകീട്ട് നാലിനകം ബന്ധപ്പെട്ട കോളേജുകളിൽ റിപ്പോർട്ട് ചെയ്യണം.

(പി.ആർ.ഒ/39/1180/2020)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.എ./എം.എച്ച്.എം./എം.എ.ജെ.എം.സി./എം.എസ്.ഡബ്ല്യൂ. ആന്റ് എം.ടി.ടി.എം. (2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾ നവംബർ 30 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1181/2020)

രണ്ടാം സെമസ്റ്റർ എം.കോം (സി.എസ്.എസ്. - 2019 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ നവംബർ 30 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1182/2020)

രണ്ടാം സെമസ്റ്റർ എം.എസ് സി. (സി.എസ്.എസ്. 2016, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014, 2015 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 30 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1183/2020)

രണ്ടാം സെമസ്റ്റർ എം.എ./എം.സി.ജെ./എം.എച്ച്.എം./എം.എസ്.ഡബ്ല്യൂ./എം.ടി.എ. ആന്റ് എം.ടി.ടി.എം. (സി.എസ്.എസ്. 2016, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014, 2015 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 30 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1184/2020)

രണ്ടാം സെമസ്റ്റർ എം.എസ് സി. (സി.എസ്.എസ്. - 2019 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ നവംബർ 30 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1185/2020)

രണ്ടാം സെമസ്റ്റർ എം.കോം. (സി.എസ്.എസ്. 2016, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014, 2015 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ നവംബർ 30 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1186/2020)

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ് സി. സൈബർ ഫോറൻസിക് (പുതിയ സ്‌കീം 2019 അഡ്മിഷൻ) പരീക്ഷകൾ നവംബർ 25 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1187/2020)

## അപേക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.എ./എം.എസ് സി./എം.കോം./ എം.സി.ജെ./ എം.ച്.എം./ എം.എം.എച്ച്./ എം.എസ്.ഡബ്ല്യു./ എം.ടി.എ. ആന്റ് എം.ടി.ടി.എം. (2012 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ 19 വരെയും 525 രൂപ പിഴയോടെ 20 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ 10500 രൂപ സ്‌പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. 2012 അഡ്മിഷൻ മേഴ്‌സി ചാൻസ് വിദ്യാർഥികൾ epay.mgu.ac.in എന്ന വെബ് സൈറ്റിലൂടെ ഫീസടയ്ക്കണം. എം.എസ് സി. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 8 (പരീക്ഷ)നും എം.എ./എം.കോം. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 9 (പരിക്ഷ)നും, എം.എസ് സി./ എം.സി.ജെ. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 12 (പരീക്ഷ)നും എം.എസ്.ഡബ്ല്യു/ എം.എച്ച്.എം./ എം.എം.എച്ച്./ എം.ടി.എ. ആന്റ് എം.ടി.ടി.എം. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 22 (പരീക്ഷ)നും അപേക്ഷ നൽകണം.

(പി.ആർ.ഒ/39/1188/2020)

## പ്രാക്ടിക്കൽ

2020 നവംബറിൽ നടന്ന രണ്ടാം വർഷ എം.എഫ്.എ. (പഴയ സ്‌കീം) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 23 മുതൽ ഡിസംബർ എട്ടുവരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്‌സിൽ നടക്കും.

(പി.ആർ.ഒ/39/1189/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല യു.ജി.സി.-എൻ.എസ്.ക്യു.എഫിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ് (ആറുമാസം), ഡിപ്ലോമ ഇൻ ബേക്കറി ആന്റ് കൺഫെക്ഷനറി (ഒരു വർഷം), പി.ജി. ഡിപ്ലോമ ഇൻ ഡേറ്റ ആന്റ് ബിസിനസ് അനലിറ്റിക്‌സ് (ഒരു വർഷം) പ്രോഗ്രാമുകളിൽ ഏതാനും സീറ്റൊഴിവുണ്ട്. നവംബർ 25 വരെ dasp.mgu.ac.in എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. ക്ലാസുകൾ ജനുവരി നാലിന് ആരംഭിക്കും. വിശദവിവരത്തിന് ഫോൺ: 0481-2731066.

(പി.ആർ.ഒ/39/1190/2020)

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സിലെ എം.എ. പൊളിറ്റിക്‌സ് ആന്റ് ഇന്റർ നാഷണൽ റിലേഷൻസ്, എം.എ. (പൊളിറ്റിക്‌സ് ആന്റ് ഹ്യൂമൻ റൈറ്റ്‌സ്), എം.എ. പൊളിറ്റിക്‌സ് (പബ്ലിക് പോളിസി ആന്റ് ഗവേണൻസ്) എന്നീ ബിരുദാനന്തര ബിരുദ കോഴ്‌സുകളിൽ എസ്.ടി. വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. സ്‌പോട് അഡ്മിഷനുള്ള ഇന്റർവ്യൂ നവംബർ 25ന് രാവിലെ 10ന് പഠനവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നടക്കും. താല്പര്യമുള്ളവർ അസൽ യോഗ്യത സർട്ടിഫിക്കറ്റുകളുമായി എത്തണം.

(പി.ആർ.ഒ/39/1191/2020)

ഡോ. കെ.എൻ. രാജ് സെന്ററിലെ 2020-22 ബാച്ച് എം.എ. ഇക്കണോമിക്‌സ് പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ നവംബർ 23നകം പഠനവകുപ്പ് മേധാവിയുമായി ബന്ധപ്പെടണം. ഫോൺ: 9447854270.

(പി.ആർ.ഒ/39/1192/2020)

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്‌പോർട്‌സ് സയൻസസ് നടത്തുന്ന എം.പി.ഇ.എസ്. 2020-21 ബാച്ചിൽ എസ്.സി. വിഭാഗത്തിൽ ഒന്നും എസ്.ടി. വിഭാഗത്തിൽ രണ്ടും സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ രേഖകളുമായി പഠനവകുപ്പ് ഓഫീസിൽ

നവംബർ 24ന് മുമ്പായി എത്തണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 9447006946.

(പി.ആർ.ഒ/39/1193/2020)

## എം.പി.ഇ.എസ്. പ്രവേശനം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് നടത്തുന്ന എം.പി.ഇ.എസ്. 2020-21 ബാച്ചിലേക്കുള്ള പ്രവേശനം നവംബർ 20, 23 തീയതികളിൽ നടക്കും. പ്രവേശനപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ രാവിലെ 11ന് അസൽ രേഖകളുമായി പഠനവകുപ്പ് ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 9447006946.

(പി.ആർ.ഒ/39/1194/2020)

## പരീക്ഷഫലം

2020 ഫെബ്രുവരിയിൽ നടന്ന മൂന്നാം വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (2016 അഡ്മിഷൻ റഗുലർ, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1195/2020)

2020 സെപ്റ്റംബറിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടന്ന 2018-20 ബാച്ച് നാലാം സെമസ്റ്റർ എം.എ. മലയാളം (ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ), എം.എ. ഇംഗ്ലീഷ് (ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ) സി.എസ്.എസ്. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1196/2020)

2020 ഫെബ്രുവരിയിൽ നടന്ന ഒന്നാം വർഷ ബി.എസ് സി. നഴ്സിംഗ് (പുതിയ സ്കീം 2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1197/2020)

## യോഗ ദർശനം; രാജ്യാന്തര വെബിനാർ

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനും ഫോർ എ.എം. ഗ്ലോബൽ യോഗ ക്ലബ്ബും സംയുക്തമായി യോഗ ദർശനങ്ങളെക്കുറിച്ച് രാജ്യാന്തര വെബിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. യോഗ ദിനചര്യയുടെ ഭാഗമാക്കണമെന്നും ആധുനിക വൈദ്യശാസ്ത്രത്തിൽ യോഗയെക്കുറിച്ചുള്ള അന്തർ വൈജ്ഞാനിക ഗവേഷണങ്ങൾ നടക്കണമെന്നും അദ്ദേഹം പറഞ്ഞു. റോബിൻ തിരുമല അധ്യക്ഷത വഹിച്ചു. മോഹൻജി, ഡോ.അനീഷ ഹൊളാഡ്ഡേ, ഡോ.ടോംസ് ഏബ്രഹാം, കോ ഓർഡിനേറ്റർ ജി. ശ്രീകുമാർ, പോൾ പടയാട്ടി, ബിനോയി ജോൺ, നാസർ കോട്ടപ്പുറം, അഹമ്മദ് ഹാഷിർ, ലിസ വാലി, രജ്ജനി പ്രദീപ്, ആശ ചന്ദ്രൻ, കൃഷ്ണകുമാർ, അനിൽ കുമാർ, ബാലകൃഷ്ണൻ നായർ, സുരേന്ദ്രൻ ചെക്കിലോട് എന്നിവർ സംസാരിച്ചു. ഡിഎൽഎൽ യോഗ അലുമ്നി , മാനവ സേവ ചാരിറ്റബിൾ സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെയായിരുന്നു വെബിനാർ.

(പി.ആർ.ഒ/39/1198/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ